# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1019 10.06.2019-ലെ മറുപടി

### കാളിപ്പാറ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ആൻസലൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കാളിപ്പാറ പദ്ധതിയുടെ പൈപ്പ് ലൈൻ കടന്നുപോകുന്ന നെയ്യാറ്റിൻകര നഗരസഭ പ്രദേശത്തും മറ്റ് സ്ഥലങ്ങളിലും സ്ഥിരമായി പൈപ്പ് ലൈൻ പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൈപ്പ് ലൈൻ പൊട്ടുന്നത് ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പൈപ്പ് പൊട്ടുന്നത് ഒഴിവാക്കുന്നതിനായി നിലവിലുള്ള എയർ വാൽവുകൾ സർവ്വീസ് ചെയ്യുകയും സ്ഥിരമായി പൈപ്പ് പൊട്ടുന്ന ഭാഗങ്ങളിൽ പുതുതായി എയർ വാൽവുകൾ വയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | വാട്ടർ അതോറിട്ടറി എം.ഡിയുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ കാളിപ്പാറ പൈപ്പ് ലൈനിൽ എയർ വാൽവുകൾ സ്ഥാപിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | ഡബിൾ ഒറിഫിസ് എയർ വാൽവ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഈ പ്രവൃത്തി 2019 സെപ്റ്റംബർ മാസത്തോടു കൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | എയർ വാൽവ് സ്ഥാപിക്കുന്നതിനുള്ള നടപടി 2019-സെപ്റ്റംബർ മാസത്തിൽ പൂർത്തീകരിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**